# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.422

### 04-02-2020 ൽ മറുപടിക്ക്

### കിഫ്ബിയുടെ ധനസമാഹരണം

| ചോദ്യം<br>ശ്രീ. എ.പി. അനിൽ കുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബിക്ക് ഫണ്ട് സമാഹരിക്കുന്നതിനായി രാജ്യാന്തര കടപ്പത്ര വിപണിയിൽനിന്നും ബോണ്ടുവഴി പണം സ്വരൂപിക്കുന്നതിനും കൂടുതൽ നിക്ഷേപം കിഫ്ബിയിലേയ്ക്ക് ആകർഷിക്കുന്നതിനുമുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;<br>(ബി)ഏതൊക്കെ തരത്തിലുള്ള ബോണ്ടുകളിലൂടെയാണ് പ്രസ്തുത ധനസമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;<br>(സി) ഡയസ്പോറ ബോണ്ട് വഴി എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | ആഭ്യന്തര- അന്തരാഷ്ട്ര ധനവിപണിയെ കിഫ്ബി കൃത്യമായി നിരീക്ഷിച്ചു വരുന്നുണ്ട്. ഉചിതമായ സന്ദർഭങ്ങളിൽ ധനത്തിന്റെ ലഭ്യതയും ആവശ്യകതയും നിരക്കിനെയും അടിസ്ഥാനപ്പെടുത്തി മികച്ച സ്രോതസ്സിലൂടെ ധനസമാഹണം നടത്തുവാനാണ് കിഫ്ബി ഉദ്ദേശിക്കുന്നത്. നിലവിൽ പാരിസ്ഥിതിക സൗഹൃദ പദ്ധതികൾക്ക് നിക്ഷേപകർ ധാരാളം ഉണ്ടെന്നിരിക്കെ ഇത്തരത്തിലുള്ള സ്രോതസ്സുകളുടെ സാധ്യതയും കിഫ്ബി തേടുന്നുണ്ട്. ഡയസ്പോറ ബോണ്ടുകളെ സംബന്ധിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 06.02.2020 ലെ സ.ഉ (സാധ) നം. 1040/2020/ധന പ്രകാരം നവകേരള നിർമ്മാണത്തിന്റെ ഭാഗമായി ഡയസ്പോറ ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനും ധനസമാഹരണത്തിനും കിഫ്ബിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ